# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

## FOURTH SESSION—1951

**Wednesday,** *the 19th September 1951*

**Vol. IV ]** **OFFICIAL REPORT** **[ No. 3**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 19th September 1951, with Sri. A. K. George, Chairman, presiding.

## QUESTIONS AND ANSWERS

(The number in brackets indicates the number in the list of admitted questions for the day.)

**Sri. N. D. Jose:** Sir, on a point of information.

**Mr. Chairman:** According to Rules, the first hour is for questions. So, Mr. Nanoo can put the question.

### Oral Answers

ആസവങ്ങളും അരിഷ്ടങ്ങളും

*൧൨. (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എല്ലാ ആയുർവ്വേദ ആസവങ്ങളും അരിഷ്ടങ്ങളും ആവശ്യമുള്ളത്ര വാങ്ങിക്കൊണ്ടുപോകുന്നതിനും ഉപയോഗിക്കുന്നതിനും ഈ സംസ്ഥാനത്തുള്ള രോഗികൾക്കു സ്വാതന്ത്ര്യമുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം തടസ്സങ്ങളും ഉപാധികളുമാണു് നിലവിൽ ഉള്ളതു്;

(സി) എല്ലാ ആസവങ്ങളും അരിഷ്ടങ്ങളും ഇഷ്ടാനുസരണം ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നതിനും രോഗികൾക്കു സ്വാതന്ത്ര്യമുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തെല്ലാം ഉപാധികളും തടസ്സങ്ങളുമാണു് നിലവിലുള്ളതു്;

(ഇ) എല്ലാ വൈദ്യന്മാർക്കും ആസവങ്ങളും അരിഷ്ടങ്ങളും ഉണ്ടാക്കി രോഗികൾക്കു കൊടുക്കാനോ വില്ക്കാനോ സ്വാതന്ത്ര്യമുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തെല്ലാം ഉപാധികളും തടസ്സങ്ങളുമാണു് നിലവിലുള്ളതു്;

(ജി) പ്രാക്ടീഷണേഴ്സ് ലൈസൻസുള്ള ഒരു വൈദ്യനു തന്റെ ചികിത്സയിൽപ്പെടാത്ത ഒരു രോഗിക്കു് ആസവങ്ങളോ അരിഷ്ടങ്ങളോ വില്ക്കു് കൊടുക്കാൻ അനുവാദമുണ്ടോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ടു്. എന്നാൽ മദ്യനിരോധനപ്രദേശങ്ങളിൽമാത്രം ഒരു മെഡിക്കൽ പ്രാക്ടീഷണരുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ചു് വാങ്ങണമെന്നുണ്ടു്.

(ബി) മേൽ ഉത്തരത്തിന്റെ പരിഗണനയിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) വൈദ്യന്മാക്കു് ആസവങ്ങളും അരിഷ്ടങ്ങളും ഉണ്ടാക്കുവാൻ സ്വാതന്ത്ര്യമുണ്ടു് എന്നാൽ മദ്യനിരോധനപ്രദേശങ്ങളിൽമാത്രം മദ്യനിരോധന ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലൈസൻസുള്ളവക്കുമാത്രമേ സ്വാതന്ത്ര്യമുള്ളു.

(ഡി) സിയുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ടു്. എന്നാൽ മദ്യനിരോധന മേഖലകളിൽ മദ്യനിരോധന ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു് ലൈസൻസുള്ളവക്കേ സ്വാതന്ത്ര്യമുള്ളു.

(എഫ്) മുൻ ഉത്തരത്തെ പരിഗണിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) ലൈസൻസുള്ള വൈദ്യനു് ആക്കൊക്കെ ഔഷധങ്ങൾ കൊടുക്കാമെന്നുള്ളതിനു് ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. പി. നാണു: രോഗികൾക്കു് അത്യാവശ്യമായ ആസവാരിഷ്ടങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവകാശങ്ങളെ റൂൾസുകൊണ്ടു് തടസ്സപ്പെടുത്തിയിരിക്കുന്നതിന്റെ ന്യായമെന്താണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: തടസ്സപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. നാണു: അതു് ഉപയോഗിക്കുന്നതിനു ചില ഉപാധികൾ നിശ്ചയിച്ചിട്ടില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്. മദ്യനിരോധന മേഖലകളിൽ അതു് യഥേഷ്ടം വില്ക്കുന്നതിനും വാങ്ങുന്നതിനും സ്വാതന്ത്ര്യമില്ല. മറ്റു സ്ഥലങ്ങളിൽ അതിനു സ്വാതന്ത്ര്യമുണ്ടു്.

ശ്രീ. പി. നാണു: മദ്യനിരോധന മേഖലകളിലെ രോഗികളുടെ അവകാശങ്ങളെ ഇങ്ങിനെയുള്ള റൂൾസുകൊണ്ടു് തടസ്സപ്പെടുത്തുവാൻ കാരണമെന്താണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആസവാരിഷ്ടങ്ങളിൽ സ്പിരിറ്റു് കണ്ടൻസു് ഉണ്ടെന്നാണു് വച്ചിരിക്കുന്നതു്. അതുകൊണ്ടാണു് അതു വില്ക്കുന്നതിനും വാങ്ങുന്നതിനും ചില ഉപാധികൾ നിശ്ചയിച്ചിട്ടുള്ളതു്.

ശ്രീ. പി. നാണു: സ്പിരിറ്റു് കണ്ടൻസു് ഉണ്ടോ എന്നു അതു പരിശോധിച്ചുനോക്കിയാൽ പോരെ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതൊക്കെ പരിശോധിച്ചുനോക്കുവാൻ വിഷമമാണു്.

ശ്രീ. പി. നാണു: ആസവാരിഷ്ടങ്ങൾ ലൈസൻസോടുകൂടിയേ ഉണ്ടാക്കുവാൻ പാടുള്ളു എന്നില്ലെ?

ശ്രീ. ജി ചന്ദ്രശേഖരപിള്ള: ഗവമ്മെന്റിന്റെ അഭിപ്രായത്തിൽ ആസവാരിഷ്ടങ്ങളിൽ സ്പിരിറ്റു് കണ്ടൻസു് ഉള്ളതുകൊണ്ടു് അതു ചില നിയന്ത്രണത്തോടുകൂടിയേ വില്ക്കുവാൻ അനുവദിക്കാവൂ എന്നാണു്.

ശ്രീ. പി. നാണു: ഒരാൾക്കു ഒരിക്കൽ വാങ്ങാവുന്നതിന്റെ പരമാവധി നിശ്ചയിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനെക്കുറിച്ച് വീണ്ടും പര്യാലോചിക്കണമെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ ഗവമെന്റിനു അതിനു വിരോധമില്ല.

**Mr. Chairman:** Order, Order. Next question please.

**Sri. A. Thanu Pillai:** Sir, I wish to know one point. May I know whether hon. Members other than the questioner have a right to put supplementary questions or not? In view of the direction from the Chair for the next question, my point arises for decision. I wish to know whether that is the procedure to be followed hereafter.

**Mr. Chairman:** There is absolutely no departure from the procedure followed hitherto. In this instance, I feel after having found that there are no more questions to be put, the Chairman has a right to call the next question.

## തിരുവിതാംകൂർ നാണയവില

*൫൩. (൨) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിക്കുന്നതുമൂലം ഈ ഗവമെന്റിനു എത്രലക്ഷം രൂപാ കേന്ദ്രഗവമെന്റിൽനിന്നും ലഭിക്കുന്നതാണ്;

(ബി) ഈ ഇനത്തിൽ എതെങ്കിലും തുക കേന്ദ്രഗവമെന്റിൽനിന്നും കിട്ടിയിട്ടുണ്ടോ?

ഭക്ഷ്യവും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) സ്റ്റാക്കിലും ക്രയവിക്രയത്തിലും ഇരിക്കുന്ന നാണയങ്ങളൊക്കെയും ബോംബെയിലുള്ള റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയിൽ അടച്ചുകഴിഞ്ഞാൽ ൭൬·൪൩ ലക്ഷം ഉറുപ്പിക കിട്ടുവാൻ ഗവമെന്റിനു അവകാശമുണ്ട്. ൨൫·൪൩ ലക്ഷം ഉറുപ്പികക്കുള്ള നാണയങ്ങൾ മാത്രമെ ഇതുവരെ ട്രഷറികളിൽ ശേഖരിക്കപ്പെട്ടിട്ടുള്ളു.

(ബി) ൪൯,൦൦൦ ക. കിട്ടിയിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരൻ ആചാരി: നാട്ടിലുള്ള നാണയം പിൻവലിക്കുന്നതിനുള്ള താമസത്തിനു കാരണമെന്താണ്?

ശ്രീ. കെ. എം. കോര: നാണയം പിൻവലിക്കുവാനുള്ള അധികാരം ഇൻഡ്യാ ഗവമെണ്ടിനാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: നാണയം പിൻവലിക്കുന്നതായാൽ തിരു-കൊച്ചി ഗവമെന്റിനു എന്തു നഷ്ടം വരും?

ശ്രീ. കെ. എം. കോര: ഒരു നഷ്ടവും ഇല്ല. അതു കളക്റ്റ് ചെയ്യുന്നതിനുള്ള ചിലവും നമുക്കു കിട്ടുന്നുണ്ട്.

**Sri. P. Balakrishnan Tampi:** May I know whether they would sell these coins to private collectors interested in numismatics?

ശ്രീ. കെ. എം. കോര: ചില്ലറയായിട്ട് എടുക്കുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു കൊല്ലത്തിനകം ഇവിടത്തെ നാണയം പിൻവലിക്കുന്നതാണെന്നു ഇതിനുമുമ്പ് ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നോ?

ശ്രീ. കെ. എം. കോര: ഇൻഡ്യൻ ഭരണഘടന പാസായതിനുശേഷം രണ്ടു കൊല്ലത്തിനകം നാണയം പിൻവലിച്ചാൽമതിയെന്നാണ് പറഞ്ഞിരിക്കുന്നതു്.

## ഹോമിയോപ്പതി കോളേജ്

*൭൮. (൩) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇവിടത്തെ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ഹോമിയോപ്പതി കോളേജ് ആരംഭിക്കുന്നതിനു ഗവമെന്റുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): തൽക്കാലം ഇല്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ സംസ്ഥാനത്ത് ആകെ എത്ര ഹോമിയോപ്പതി ഡാക്ടർമാർ ഉണ്ടെന്നു അറിയാമൊ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. കെ. രാമചന്ദ്രൻ: മെഡിക്കൽ കോളേജിൽ ഹോമിയോപ്പതിക്കു വേണ്ടി എത്ര സീററു നൽകിയിട്ടുണ്ട്?

**Sri. C. Kesavan:** I claim notice.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ഹോമിയോപ്പതി കോളേജ് തുടങ്ങുവാൻ ഗവമെണ്ട് ആലോചിക്കുമോ?

ശ്രീ. സി. കേശവൻ: ആലോചിക്കുവാൻ വിചാരിച്ചിട്ടില്ല.

---

## അരിവില

*൭൯. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിലമുടമസ്ഥന്മാരിൽ നിന്നു ഗവമെന്റ് എടുക്കുന്ന ഓരോ പറ നെല്ലിനു കൊടുത്തുവരുന്ന വില എന്ത്;

(ബി) ഗവമെന്റ് എടുക്കുന്ന നെല്ലു പറയ്ക്കു എന്തു വിലവെച്ച് വില്ക്കുന്നു;

(സി) ഇപ്രകാരം നെല്ലു വാങ്ങി വില്പനചെയ്യുന്നതുമൂലം ഗവമെന്റിനുള്ള ആദായം എന്ത്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) തിരുവിതാംകൂറിൽ ഒരു പറയ്ക്കു ഒരു രൂപാ പതിമൂന്നണയും കൊച്ചിയിൽ പറയ്ക്കു ഒരു രൂപാ പന്ത്രണ്ടണയും വില കൊടുത്തുവരുന്നു.

(ബി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു രണ്ടു രൂപാ എട്ടണ വച്ച് വിററുവരുന്നു. കൊച്ചിയിൽ മിക്കവാറും നെല്ലുകുത്തി അരിയായിട്ടാണ് വിററു വരുന്നത്. നെല്ലായിട്ടു കണക്കാക്കിയാൽ ഒരു പറയ്ക്കു രണ്ടു രൂപാ നാലണ മൂന്നു പൈസ വില്പന വില വരും.

(സി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു ഏഴണ അഞ്ചു പൈസയും കൊച്ചിയിൽ ഒരു പറയ്ക്കു രണ്ടണ ഒൻപതു പൈസയും വീതം ആദായം കിട്ടുന്നുണ്ട്.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഒരു പറ നെല്ലിനു തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്ഥ വില വരുവാൻ കാരണമെന്താണ്?

ശ്രീ. കെ. എം. കോര: പറകൾ തമ്മിലുള്ള വ്യത്യാസമാണ് അതിനു കാരണം. തിരുവിതാംകൂറിലെ പറ സ്വല്പം വലിയതാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: തിരുവിതാംകൂറിലേയും കൊച്ചിയിലേയും പറകൾക്കു ഏകീകരണം വരുത്താൻ ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഏകീകരണം വരുത്താൻ ആലോചിക്കുന്നുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിലെപോലെ ഇവിടേയും നെല്ലുകുത്തി അരിയായിട്ടു കൊടുക്കുവാൻ ദയവുണ്ടാകുമൊ?

ശ്രീ. കെ. എം. കോര: അതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഒരു രൂപാ പതിമൂന്നണയ്ക്കു പുറമെ ബോണസ് വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ബോണസ് കൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോഴത്തെ ധാന്യസംഭരണ വിതരണം ഒരു കച്ചവടമായിട്ടു അധഃപതിച്ചിട്ടുള്ളതായി ഗവൺമെൻറിന്നറിയാമൊ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: നെല്ലിനു പറയ്ക്കു് അഞ്ചു രൂപാ വീതം വിലയുണ്ടെന്നു ഭക്ഷ്യമന്ത്രി എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഭക്ഷ്യമന്ത്രി എന്നുള്ള നിലയിൽ അപ്രകാരം ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: സ്വന്തം നിലയിലുള്ള അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. കോര: സ്വന്തം നിലയിലുള്ള അഭിപ്രായം പറയേണ്ട അവസരത്തിൽ പറഞ്ഞുകൊള്ളാം.

**Sri. D. Gnanasigamoni:** May I know whether the Government are in receipt of written petitions that no bonus is being paid at the time of procurement by G. P. Tahsildars?

**Sri. K. M. Korah:** Such a thing has not come to the notice of Government yet. But when that comes, as I said yesterday, certainly proper action will be taken.

**Sri. K. Sivarama Pillai:** May I know whether the Food Minister is not himself in receipt of a phonocom to that effect?

**Sri. K. M. Korah:** Yes.

ശ്രീ. ഇട്ട്യേര അമ്പുക്കൻ: ഒരു പറയ്ക്കു് ഇന്നു കർഷകർക്കു കൊടുത്തുവരുന്ന വില ഒരു രൂപാ പതിമൂന്നണ മതിയായ ഒരു വിലയാണെന്നു ഗവൺമെൻറിനു ബോദ്ധ്യമുണ്ടോ?

ശ്രീ. കെ. എം. കോര: ഇന്നു കർഷകർക്ക് കൊടുത്തുവരുന്ന വില മതിയായ ഒരു വിലയല്ലെന്നും അതുകൊണ്ട് ആ വില കൂട്ടികൊടുക്കണമെന്നും കർഷകന്മാരിൽനിന്നും ഒരു നിവേദനം ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അതു് ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ഇട്ട്യേര അമ്പുക്കൻ: അതിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. കോര: ഗവൺമെൻറിൻെറ അഭിപ്രായം ഇന്നതാണെന്നു പറയുവാൻ സമയമായിട്ടില്ല. അതിനെക്കുറിച്ച് ആലോചിക്കുന്നതേയുള്ളു.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂറിൽ ഒരു പറ നെല്ലിനു് ൭ അണ ൫ പൈസയും കൊച്ചിയിൽ ൨ അണ ൯ പൈസയും ഗവൺമെൻറ് ലാഭമെടു

ക്കുന്നതു് അങ്ങനെതന്നെ നിലനിർത്തിക്കൊണ്ടുപോകണമെന്നാണോ ഗവമ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് പല എതിരഭിപ്രായങ്ങളുമുണ്ടു്. ഈ സഭയുടെ അഭിപ്രായം അനുസരിച്ചു് അതുംകൂടി ഗവമ്മെൻറ പര്യാലോചനയിൽ എടുക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും നെല്ലിന്റെ വിലയ്ക്കു് തുല്യത വരുത്തുന്നതിനു എത്ര താമസം വേണ്ടിവരും?

ശ്രീ. കെ. എം. കോര: കൊച്ചിയിൽ നെല്ലു് മില്ലിൽ കുത്തി അരിയായി കൊടുക്കുന്നതുകൊണ്ടുള്ള വ്യത്യാസമാണു് ഉള്ളതു്. ഇവിടെയും അങ്ങനെ ചെയ്യുവാൻ ആലോചനയുണ്ടു്. അതു നടപ്പിലായാൽ മിക്കവാറും ഏകീകരണം ഉണ്ടാകുന്നതാണു്

ശ്രീ. സി. വി. ഇയ്യു: കഴിഞ്ഞ മകരം മുതൽ കൊച്ചിയിൽ കുറെ കർഷകക്കു് ബോണസ്സു് കൊടുക്കുകയും കുറെ കർഷകക്കു് അതു് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ബോണസ്സു് കൊടുത്ത കൃഷിക്കാരിൽനിന്നു് അതു് തിരിച്ചു വാങ്ങുവാൻ ഗവമ്മെൻറു് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് ആലോചനയിൽ വന്നിട്ടില്ല. റപ്രസന്റേഷൻ വന്നാൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. സി. വി. ഇയ്യു: കൊടുത്തുപോയ ബോണസ്സു് തിരിച്ചു മേടിക്കാതിരിക്കുന്നതിനു് ഗവമ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതു് [illegible] അനുസരിച്ചു് ചെയ്യാം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്സു്: എന്തു സംഖ്യയാണു് ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: നാലണ.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്സു്: ആകെയുള്ള ആദായത്തിൽനിന്നു ആണോ നാലണ ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അതേ.

**Sri. R. K. Ram:** May I know whether the Government will make efforts to distribute the paddy collected under the procurement system in an equitable manner to prove of benefit to the public at large?

**Sri. K. M. Korah:** As for as possible it is the intention of Government to distribute as much as possible.

ശ്രീ. എ. കെ. പാച്ചുപിള്ള: മററു സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഇവിടെ കൊടുക്കുന്നതിൽ കൂടുതൽ വിലയ്ക്കു് നെല്ലു് വിതരണം ചെയ്യുവരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു് നോട്ടീസ് വേണം.

## ഹരിജൻ ഹോസ്റ്റലുകൾ

* ൭ നം. (൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

തിരുവനന്തപുരം, എറണാകുളം ഹരിജൻ ഹോസ്റ്റലുകളിൽ ൧൯൫൦-൫൧ സ്കൂൾ വർഷത്തിൽ എത്ര വിദ്യാർത്ഥികൾവീതം താമസിച്ചിരുന്നു എന്നും, ഓരോ

ന്നിലും ഒരു മാസത്തേയും, സ്കൂൾ വർഷത്തേയും ചെലവുകൾ എന്തു് എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തിരുവനന്തപുരം ഹരിജൻ ഹോസ്റ്റലിൽ പ്രസ്തുത സ്കൂൾ വർഷത്തിൽ ൩൪ വിദ്യാത്ഥികൾ താമസിച്ചിരുന്നു. ഒരു മാസത്തേയ്ക്കു് പ്രസ്തുത ഹോസ്റ്റലിൽ ശരാശരി ൫൧൧൦ രൂപായും ഒരു വർഷത്തേയ്ക്കു് ൫൧,൧൦൦ രൂപായും ചെലവായി.

(ബി) എറണാകുളം ഹരിജൻ ഹോസ്റ്റലിൽ പ്രസ്തുത വിദ്യാഭ്യാസവർഷത്തിൽ ൨൦ വിദ്യാത്ഥികൾ താമസിച്ചിരുന്നു. ഒരു മാസത്തേയ്ക്കു് പ്രസ്തുത ഹോസ്റ്റലിൽ ൫,൫൯൭ രൂപായും ഒരു വർത്തേയ്ക്കു് ൫൫,൯൭൦ രൂപായും ചെലവായി.

ശ്രീ. സി. വി. ഇയ്യു: ഒരു ഹരിജൻ വിദ്യാർത്ഥിയ്ക്കു് എറണാകുളത്തെ ഹരിജൻ ഹോസ്റ്റലിൽ എത്ര രൂപാ വീതം കൊടുക്കുന്നുണ്ടു്?

ശ്രീ. സി. കേശവൻ: ഒരു ഹരിജൻ വിദ്യാത്ഥിക്കു് ഗവമ്മെൻറിൽനിന്നു ൯൦ രൂപാ കൊടുക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇയ്യു: ഗവമ്മെൻറിൻെറ അഭിപ്രായത്തോടു് യോജിക്കാത്ത അഭിപ്രായമുള്ള കുട്ടികളെ ഹരിജൻ ഹോസ്റ്റലിൽനിന്നു പിരിച്ചുവിട്ടിരിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറു് നടത്തുന്ന ഹരിജൻ ഹോസ്റ്റലിൽ കുറച്ചു് കുട്ടികൾ താമസിക്കുന്നുണ്ടു്. കുറെ കുട്ടികൾ പ്രൈവററു് ഹോസ്റ്റലുകളിൽ താമസിക്കുകയാണു്. പൊളിററിക്കലായിട്ടുള്ള അഭിപ്രായവ്യത്യാസത്തിനു് ഗവമ്മെൻറു് നടത്തുന്ന ഹോസ്റ്റലിൽനിന്നും ആരേയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: വല്ല വിദ്യാത്ഥികളേയും പരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുമോ?

ശ്രീ. സി. കേശവൻ: അങ്ങനെ ചെയ്തിട്ടില്ല.

## ചതുപ്പുസ്ഥലങ്ങൾ

* ൯൧. (ന) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ പട്ടണത്തിലുള്ള ചതുപ്പുസ്ഥലം നികത്തി ജനവാസയോഗ്യമാക്കുന്നതിനു് ഗവമ്മെൻറു് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) നടപടികൾ എന്നത്തേയ്ക്കു് പൂത്തിയാകും?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ആലപ്പുഴ പട്ടണത്തിൽ ഏതാണ്ടു് ൪൦ ഏക്കറോളം ചതുപ്പുനിലം നികത്തുന്നതിനു് നടപടി സ്വീകരിച്ചിട്ടുണ്ടു്.

(ബി) പ്രസ്തുത സ്ഥലം പൊന്നുംവിലയ്ക്കു് എടുക്കുന്നതിനും അതു് നികത്തി കുറെ സ്ഥലം ലേലത്തിൽ കൊടുക്കുന്നതിനും ബാക്കിയുള്ള സ്ഥലത്തു് വീടുകൾ ഉണ്ടാക്കുന്നതിനും ആണു് പദ്ധതി.

(സി) എന്നേക്കു് പൂത്തിയാകുമെന്നു പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. ആവശ്യമായ തുക സപ്ലിമെൻററി ഗ്രാൻറായി ലഭിച്ചുകഴിഞ്ഞാൻ നടപടികൾ തുടങ്ങുന്നതാണു്.

## എംപ്ലോയ്മെൻറാഫീസുകൾ

*൫൮. (൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്ത് എത്ര എംപ്ലോയ്മെൻറാഫീസുകൾ ഉണ്ട്;

(ബി) എവിടെയെല്ലാം;

(സി) കൊല്ലം, കോട്ടയം, തിരുവനന്തപുരം എന്നീ ഡിസ്ട്രിക്ട്കളിലേയ്ക്കു തിരുവനന്തപുരത്തുള്ള ഒരാഫീസ് മാത്രമെ ഉള്ളു എന്നുള്ള വസ്തുത പരമാർത്ഥമാണോ?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) രണ്ട്.

(ബി) തിരുവനന്തപുരത്തും എറണാകുളത്തും.

(സി) പരമാർത്ഥമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: തിരുവനന്തപുരം, കൊല്ലം, കോട്ടയം ഈ ഡിസ്ട്രിക്റ്റുകളിലേക്കു ഒരു ആഫീസ് മാത്രമെയുള്ളുവെന്നും, അതു വളരെ അസൗകര്യമായതുകൊണ്ട്, ആലപ്പുഴെ ഒരു എംപ്ലോയിമെൻറ് എക്സ്ചേഞ്ച് ആഫീസ് സ്ഥാപിച്ചുകിട്ടണമെന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ട്; ആലപ്പുഴെ ഒരു ആഫീസ് സ്ഥാപിക്കുന്ന കാര്യത്തെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. കെ. രാമചന്ദ്രൻ: എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൻെറ ഉദ്ദേശം വിമുക്തഭടന്മാക്ക സഹായങ്ങൾ ചെയ്യണമെന്നുള്ളതല്ലേ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതുമുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ ആഫീസുകളുടെ, ഫ ൻര ൫ മുതൽ ഫൻരൻ വരെയുള്ള ചെലവ് ഈ ഗവമ്മെൻറാണോ, സെൻട്രൽ ഗവമ്മെൻറാണോ വഹിച്ചതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സെൻട്രൽ ഗവമ്മെൻറാണ്. ഈ ഗവമ്മെൻറ് ഒരു ഏജൻസി എന്നുള്ള വ്യവസ്ഥയിലാണ് പ്രവത്തനം നടത്തുന്നതു്.

ശ്രീ. കെ. രാമചന്ദ്രൻ: എസ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്നും ഏതെങ്കിലും തുക എംപ്ലോയിമെൻറ് എക്സ്ചേഞ്ച് ആഫീസുകളിലേക്ക ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ട്.

ശ്രീ. എ. പി. ഉദയഭാനു: എംപ്ലോയിമെൻറ് എക്സ്ചേഞ്ച് മുഖേന ഇതേവരെ എത്രപേക്ക് ജോലികൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സൂക്ഷ്മമായി ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. എങ്കിലും ഏകദേശം എണ്ണൂറോളം പേർവരും എന്നാണ് എൻെറ ഓമ്മ.

ശ്രീ. സി. വി. ഇട്ടി: എംപ്ലോയിമെൻറ് എക്സ്ചേഞ്ച് നിയമനങ്ങൾ നടത്തുന്നതു് ഏതു് അടിസ്ഥാനത്തിലാണെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് വിദ്യാഭ്യാസയോഗ്യതയും മററും കൂടിനോക്കിയായിരിക്കും.

ശ്രീ. സി. വി. ഇയ്യു: എസ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്ന് എംപ്ലോയിമെൻറ് എക്സ്ചേഞ്ചിലേക്ക് ചെലവാക്കുവാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നോട്ടീസുവേണം.

ശ്രീ. സി. വി. ഇയ്യു: ആലപ്പുഴെ എംപ്ലോയിമെൻറ് എക്സ്ചേഞ്ച് ആഫീസ് സ്ഥാപിക്കുമ്പോൾ, ഇപ്പോൾ എറണാകുളത്തുള്ള ആഫീസ് തൃശ്ശിവപേക്ക് മാററി സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് അപ്പോൾ ആലോചിക്കാം.

## INDUSTRIAL COMPANIES

*59. [8] **Sri. Paul Thaliat:** Will the hon. Minister for Industries be pleased to state.—

(*a*) whether the Government have received a report from Sri. Kasturbhai Lalbhai regarding the working of the State-aided and State owned industrial companies in the State;

(*b*) if so, the main recommendations in the report regarding the future working of such companies;

(*c*) whether such recommendations have all been accepted by the Government;

(*d*) if not the recommendations not accepted; and

(*e*) the reasons for not accepting them?

*Minister for Industries, and Labour* **(Sri. P. K. Krishnankutty Menon):**

(*a*) Yes;

(*b*) The main recommendations in the report are given in the Press Note dated 21st June 1951;

(*c*) Government have constituted a Committee consisting of the Finance Secretary to Government, the Development Secretary to Government and the Commissioner of Civil Supplies for the administrative control of Government-owned concerns. The other recommendations of Sri. Kasturbhai are under the consideration of Government.

(*d*) & (*e*) These-questions do not arise in view of answer to (*c*).

ശ്രീ. പോൾ തളിയത്ത്: ഈ റക്കമെൻറേഷൻസ് ഗവമ്മെൻറിൻെറ കൈവശം കിട്ടിയിട്ട് എത്ര കാലമായി?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അധികം കാലമായിട്ടില്ല. കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ്.

ശ്രീ. പോൾ തളിയത്ത്: അതിനുശേഷം അതിന്മേൽ എന്തു് നടപടി നടത്തിയെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ ശുപാർശകളും ആലോചിച്ചു തീരുമാനിച്ചു ശേഷം അടുത്ത ഭാവിയിൽതന്നെ നടപ്പിൽ വരുത്തണമെന്നാണ് ഗവമ്മെൻറിൻെറ വിചാരം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏതെല്ലാം വിദേശ കമ്പനികൾക്ക് ധനസഹായം ചെയ്യുന്നുണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഒരു വിദേശ കമ്പനിക്കും ധനസഹായം നല്കുന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആലുവാ അലൂമിനിയം കമ്പനിയിൽ ഗവൺമെൻറിനു എത്ര ഷെയർ ഉണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനു് നോട്ടീസുവേണം

## FOREST INDUSTRIES, TRAVANCORE LTD.

*60. [9] **Sri. Paul Thaliat:** Will the hon. Minister for Industries be pleased to state.—

(*a*) whether any action has been taken on the report of the Government Auditor, who reported mismanagement and misappropriation in respect of the accounts of the Forest Industries Travancore Ltd.;

(*b*) if the answer to (a) is in the affirmative the nature of the action taken on the same; and

(c) if the answer to (a) is in the negative, the reason for not taking any action?

*Minis'er for Industries and Labour* **(Sri. P. K. Krishnankutty Menon):**

(*a*) to (*c*): The report is under consideration by Government.

ശ്രീ. പോൾ തളിയത്തു്: കഴിഞ്ഞ അസംബ്ലിയിലും, ഇതു് കൺസിഡറേഷനിലിരിക്കുകയാണെന്നു് പറഞ്ഞു എന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനുശേഷം സമാധാനം ചോദിക്കുകയും, സമാധാനം ഗവൺമെൻറിനു കിട്ടുകയും ചെയ്തു. നടപടി നടത്തിക്കഴിഞ്ഞില്ലാ എന്നേയുള്ളു.

ശ്രീ. പോൾ തളിയത്തു്: ആരുടെ സമാധാനമാണു് ആവശ്യപ്പെട്ടതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: മാനേജുമെൻറിനോടാണു്.

**Sri. D. Gnanasigamoni:** May I know whether the report was published?

**Sri. P. K. Krishnankutty Menon:** No.

**Sri. D. Gnanasigamoni:** My point is whether a copy of the Auditor's report was sent to the hon. Member who has put the quesiton?

**Sri. P. K. Krishnankutty Menon:** No.

**Sri. D. Gnanasigamoni:** In view of the fact that the report has not been published may I know how the hon. Member came into possession of the report referred to?

**Mr. Chairman:** That is not relevant to the point.

ശ്രീ. എ. കെ. പാച്ചുപിള്ള: അപഹരണം സമ്മതിച്ചുകൊണ്ടാണോ സമാധാനം തന്നിരിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ആഡിററ് റിപ്പോർട്ടു് കിട്ടിയതിനുശേഷം അതിനെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പോൾ തളിയത്തു്: എത്രകാലത്തിനു മുമ്പാണു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനു നോട്ടീസുവേണം.

## VAKALATHS FILED BY MEMBERS

*61. [10] **Sri. Paul Thaliat:** Will the hon. Chief Minister be pleased to state.—

(*a*) whether any of the members of the Legislature have filed Vakalaths before any of the hon. Ministers from April 1st to date; and

(*b*) if the answer to (a) is in the affirmative, the names of such members with the number of vakalaths filed by each?

*Chief Minister* **(Sri. C. Kesavan):**

(*a*) Yes;

(*b*) A statement containing the information is laid on the table.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: അഡ്വൊക്കേറ്റുമാരല്ലാത്ത അസംബ്ലിമെമ്പറന്മാർക്കും കേസ് ഫയൽ ചെയ്യാമോ?

ശ്രീ. സി. കേശവൻ: പാടില്ല. അഡ്വക്കേറ്റന്മാരായിട്ടുള്ളവർക്ക് മാത്രമേ പാടുള്ളൂ.

ശ്രീ. പോൾ തളിയത്ത്: ആ സ്റ്റേറ്റുമെൻറ് വായിക്കാൻ ദയവുണ്ടാകുമോ?

**Sri. C. Kesavan:** If the Chair will permit me I shall read the statement for the information of the House.

**Mr. Chairman:** Is it a long statement?

**Sri. C. Kesavan:** Not such a long statement.

ശ്രീ. മാന്നാർ ഗോപാലൻനായർ: അസംബ്ലി മെമ്പറന്മാർ ആയിപ്പോയി എന്നുള്ള കാരണംകൊണ്ട് വക്കീലന്മാർക്ക് ഗവർമ്മെൻറിൽ നിന്നും പ്രോത്സാഹനം നൽകാൻ പാടില്ലായെന്നാണോ?

ശ്രീ. സി. കേശവൻ: അങ്ങനെയൊന്നുമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇങ്ങനെ മെമ്പറന്മാർ അവരുടെ പ്രേരണ ചെലുത്തി, മെമ്പറന്മാർ എന്നുള്ള നിലയിൽ, മിനിസ്റ്റർമാരെ സമീപിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: എൻെറ സ്വന്തനിലയിൽ പറയുകയാണെങ്കിൽ ആവിധ പ്രേരണകൾക്ക് ഞാൻ വഴിപ്പെട്ടിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സ്റ്റേറ്റുമെൻറ് ഇതേവരെ വായിച്ചില്ല

ശ്രീ. സി. കേശവൻ: വേണമെങ്കിൽ വായിക്കാം.

**Sri. P. Balakrishnan Tampi:** Then, Sir, I rise to a point of order. I belong to a learned profession in the same way as the Doctors. The Medical practitioners Act prohibits any sort of advertisement being given to the members of that profession, I mean with regard to their professional work. So I am rather afraid the reading of the list of names would lead to advertisement to a few members of this profession which under the ethical rules governing this learned profession ought not to be encouraged.

**Mr. Chairman:** What is the point of order?

**Sri. P. Balakrishnan Tampi:** The point of order is this. May I know whether in view of the ethics and professional rules governing the learned profession of Law, reading of names which would give some sort of advertisement at least to some hon. Members, can be allowed in the House?

**Mr. Chairman:** What then is the gist of the point which the hon. Member wants me to decide?

**Sri. P. Balakrishnan Tampi:** May I know whether a reading of the names which has a tendency to advertisement to a Member would be right on the floor of this House in view of the facts that the ethics and professional rules that govern the legal profession prohibit such advertisement?

**Mr. Chairman:** The ruling is this. If the hon. Member who has put the question wants that statement to be read, well that can be done on the floor

of the House. If the Member is satisfied with the statement being laid on the table that also can be done. Now, what does the hon. Member want ?

**Sri. Paul Thaliath**: I want the statemet to be read.

**Sri. D. Gnanasigamoni :** The question is whether any of the members of the Legislature have filed a Vakalath and I have heard no answer to that from the Minister. As far as I am aware only a person who is authorised by law can file a Vakalath. That point has not been answered. I requst the Chair to give direction to the Ministers for giving proper answers.

**Mr. Chairman:** When proper directions are necessary, I shall give them. Now, the hon. Minister can read the statement if it is not a lengthy one.

ശ്രീ. സി· കേശവൻ:

| | |
|---|---|
| ശ്രീ. പി· ബാലകൃഷ്ണൻതമ്പി | ൩൧ |
| എസ്സ്. നീലകണ്ഠഅയ്യർ | ൧ |
| കളത്തിൽ വേലായുധൻനായർ | ൪ |
| കെ. ററി. അച്ചുതൻ | ൯ |
| കെ. എസ്. ജോസഫ് | ൧൧ |
| ജി. ചന്ദ്രശേഖരപിള്ള | ൯ |
| എ· പി. ഉദയഭാനു | ൧൦ |
| ഡി. ജ്ഞാനശിഖാമണി | ൭ |
| കെ· ഐ· വേലായുധൻ | ൨ |
| വി. ഒ. മാർക്കോസ് | ൨ |
| സി. എ· ഔസേപ്പ് | ൨ |
| എ· ചിതംബരനാഥനാടാർ | ൧ |
| മാന്നാർ ഗോപാലൻനായർ | ൨ |
| എം. ഗോവിന്ദൻ | ൧ |
| പൊന്നറ ജി. ശ്രീധർ | ൨ |
| എ· അബ്ദുൾറസാക്ക് | ൩ |
| കെ· ബാലകൃഷ്ണമാരാർ | ൨ |
| വി. മാധവൻ | ൧ |
| വി. എ. അബ്ദുൽ അസീസ് | ൨ |
| കെ, ബാലകൃഷ്ണമേനോൻ | ൨ |

സാഹിബ് ബഹദൂർ ററി. എ· അബ്ദുള്ള: എല്ലാ പാർട്ടിയിലും ഉള്ള അഡ്വക്കേററന്മാർ ഉണ്ടല്ലോ ?

**Sri. C. Kesavan:** That is a matter of inference.

ശ്രീ. ഈപ്പൻ അറയ്ക്കൽ: വക്കീൽമാരല്ലാത്ത മെമ്പർമാർക്ക് മന്ത്രിമാരെ സമീപിച്ച് നിവേദനം ചെയ്യുവാൻ അവകാശമുണ്ടോ ?

**Mr. Chairman:** That is not relevant.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എതെല്ലാം ബഹു: മെമ്പർമാർ ശിപാർശകളുമായി മന്ത്രിമാരെ സമീപ്പിച്ചിട്ടുണ്ടെന്നു പറയാമോ ?

**Mr. Chairman**. That question does not arise.

**Sri. D. Gnanasigamoni**: Sir, can a member of the legislature in his capacity as such file a Vakalath ?

**Sri. C. Kesavan:** I have sufficiently explained that aspect of the question.

**Sri. P. Balakrishnan Tampi**: May I put another question, Sir? May I ask the Minister whether the recommendations of a qualified man or a non-qualified man will carry conviction in the matter of filing Vakalath?

**Mr. Chairman**: The question has been sufficiently answered. Next question please.

## LEVY SYSTEM

*62 [11] **Sri. D. Gnanasigamoni**: Will the hon. Minister for Food be pleased to state:

(*a*) The total quantity of paddy procured in respect of the crop immediately following the introduction of the levy system;

(*b*) The quantity thus procured under the excess basis system for an immediately prior corresponding period; and

(*c*) The system that is now being followed?

*Minister for Food and Finance* **(Sri. K. M. Korah)**:

(*a*) 74,60,000 paras;

(*b*) 76,94,356 paras;

(*c*) The system that is now being followed is the Levy system.

**Sri. D. Gnanasigamoni**. Are the Government aware that no particular system is being followed by G. P. Tahasildars in the matter of procurement?

**Sri. K M. Korah**: The Government are not aware of that.

**Sri. D. Gnanasigamoni**. May I know whether the Government have received any complaints to the effect that neither the levy system nor the excess system is being followed by the G. P. Tahsildars in the matter ef procurement?

**Sri. K. M. Korah**. The levy system is in existence now.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: ഒരു കർഷകനു്, ആവശ്യമുള്ള ലെവി കൊടുത്തതിനുശേഷം ഉള്ള നെല്ലു് സ്വന്ത ആവശ്യത്തിനു ഉപയോഗിക്കാൻ അവകാശമുണ്ടോ ?

ശ്രീ. കെ. എം. കോര: പിന്നെയും കൂടുതൽ ഉണ്ടെങ്കിൽ അതും ഗവണ്മെൻറിനു കൊടുക്കുന്നതു് നന്നായിരിക്കും.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: അങ്ങനെ കൊടുത്തുകൊള്ളണമെന്നു നിർബന്ധമുണ്ടോ ?

**Sri. K. M. Korah**. That depends on the decision made by the G. P. Tahsildars.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: ഗവണ്മെൻറിനു കൊടുക്കാനുള്ളതു് കൊടുത്തു വിത്തിനും അവൻെറ മററ ചിലവുകൾക്കും എടുക്കാനുള്ളതു് എടുത്തിട്ടു് പിന്നെയും ബാക്കിയുണ്ടായിരുന്നാൽ എന്തുചെയ്യണമെന്നാണു് ഞാൻ ചോദിച്ചതു്?

ശ്രീ. കെ. എം. കോര: ആ രീതിയിലാണെങ്കിൽ ബാക്കിയുണ്ടാവാൻ ഇടയില്ലല്ലോ.

**Sri. K. Sivarama Pillai**: Have the Government ordered for procurement from labourers who do not own any land?

**Sri. K. M. Korah**: No.

**Sri. K. Sivarama Pillai**: Do the Government know that even labourers are compelled to pay one tenth of what they get?

**Sri. K. M. Korah**: Government are not aware of that. The hon. Member himself has put in a complaint to that effect.

**Sri. K. Sivarama Pillai**: Has any action been taken on it?

**Sri. K. M. Korah**: It is being considered.

ശ്രീ. ഈ. പി. പൗലോസ്: വിളവു തിട്ടപ്പെടുത്തുന്നതിനു് അനുദ്യോഗസ്ഥമെമ്പറന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീ. ഈ. പി. പൗലോസ്: സെൻട്രൽ ഫുഡ് അഡൈ്വസറി കമ്മററിയിലുള്ള അംഗങ്ങൾക്കു് ഇതു അന്വേഷിക്കുവാൻ അധികാരമുണ്ടോ?

ശ്രീ. കെ. എം. കോര: കമ്മററി അതിനല്ലാ നിയമിച്ചിട്ടുള്ളതു്. ഇങ്ങനെ ലെവിസിസ്റ്റമനുസരിച്ചുള്ള കോട്ടാ ഗവർമ്മെൻറു എടുക്കുമ്പോൾ അതിനെക്കുറിച്ചു വല്ലതും ആക്ഷേപം ഉണ്ടെങ്കിൽ അതു് ഈ കമ്മററിക്കു സമപ്പിക്കാം. കമ്മററി അങ്ങനെയുള്ള ആക്ഷേപങ്ങളെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതാണു്.

ശ്രീ. ഈ. പി. പൗലോസ്: അങ്ങനെ ഏതെങ്കിലും ആക്ഷേപം ലഭിക്കുകയോ കമ്മററി അതിനെക്കുറിച്ചു അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ഈ. പി. പൗലോസ്: ഓരോ താലൂക്കിൽനിന്നും ഓരോ അനുദ്യോഗസ്ഥമെമ്പറന്മാർമാത്രം കമ്മററിയിൽ ഉണ്ടായിരിക്കെ ആ ഒരാളെക്കൊണ്ടുമാത്രം ഇതു തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ലാ എന്നു് അറിയാമോ?

ശ്രീ. കെ. എം. കോര: സ്വല്പം വിഷമം ഉണ്ടായേക്കാം.

ശ്രീ. ഈ. പി. പൗലോസ്: അങ്ങനെയാണെങ്കിൽ കുറെക്കൂടി കാര്യക്ഷമമായ വിധത്തിൽ ഇതു നടത്തത്തക്കവണ്ണം കൂടുതൽ ആളുകളെ നിയമിക്കാമോ?

ശ്രീ. കെ. എം. കോര: ആവശ്യമാണെന്നു തോന്നുന്നപക്ഷം അതിനെക്കുറിച്ചു ആലോചിക്കാവുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: ലെവിസിസ്റ്റപ്രകാരം ഇത്ര പറ നെല്ലു് ഒരേക്കറിനു കൊടുക്കണമെന്നുണ്ടു്. എന്നാൽ ഒരാൾ വളരെ ബുദ്ധിമുട്ടി കൂടുതൽ നെല്ലുവിളയിക്കുകയാണെങ്കിൽ അതു എന്തു ചെയ്യണം?

ശ്രീ. കെ. എം. കോര: അതു് ജി. പി. തഹശീൽദാരുടെ നിർദ്ദേശം അനുസരിച്ചു അപ്പോഴപ്പോൾ കണ്ടതുപോലെ പ്രവർത്തിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: കൃഷിസ്ഥലങ്ങൾ വർദ്ധിച്ചതുകൊണ്ടാണോ തിരുവിതാംകൂർ വിഭാഗത്തിൽ ലെവിസിസ്റ്റപ്രകാരം കൂടുതൽ നെല്ലു കിട്ടിയതു്?

ശ്രീ. കെ. എം. കോര: തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ സിസ്റ്റപ്രകാരം ൨ ലക്ഷം പറ കൂടുതൽകിട്ടിയിട്ടുണ്ടു്. പക്ഷെ അതു കൃഷിസ്ഥലങ്ങൾ വർദ്ധിച്ചതു കൊണ്ടല്ല. ഈ സിസ്റ്റപ്രകാരം കൊച്ചിയിൽ ൪ ലക്ഷം പറ കുറവാണു് കിട്ടിയതു്.

ശ്രീ. ഗാസ്പർ ഡി. സിൽവ: ധാരാളം നെല്ലു് കരിഞ്ചന്തയിൽ പോകുന്നുവെന്നറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

**Sri. N. D. Jose**: In view of the fact that a good deal of foodgrains are available in the black market, is it not a very theoretical proposition to say that there would be no grains left over after procurement?

**Sri. K. M. Korah**: That is the position taken by the Government.

ശ്രീ. മാന്നാർ ഗോപാലൻനായർ: തിരുവിതാംകൂറിലും കൊച്ചിയിലും ലെവിസിസ്റ്റപ്രകാരം ഇത്ര വലിയ വ്യത്യാസം വരുവാൻ കാരണമെന്താണു്?

ശ്രീ. കെ. എം. കോര: കൊച്ചിയെ സംബന്ധിച്ചിടത്തോളം മറ്റൊരു പദ്ധതിയായിരുന്നു നടപ്പിലുണ്ടായിരുന്നത്. ഇപ്പോൾ ഈ കൊല്ലം നെല്ലു മൂവ്മെൻറ റിസ്ട്രിക്ഷൻ എടുത്തുകളഞ്ഞിട്ടുണ്ട് അതുകൊണ്ടാണ്.

ശ്രീ. കെ. എ. മാത്യു: ഓരോ താലൂക്കിൽനിന്നും ഇത്ര നെല്ലുവീതം എടുക്കണമെന്ന് കണക്കുണ്ടോ?

ശ്രീ. കെ. എം. കോര: ഒരേക്കറിലുള്ള റേറ്റ് അനുസരിച്ചു ചെയ്യണം.

ശ്രീ. കെ. എ. മാത്യു: അതിനു ഒരു ടാർജററ വച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതു് ഏക്കർ ബേസിസിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: അങ്ങനെ വച്ചിട്ടുണ്ടായിരുന്നതിൽനിന്നും ഇപ്പോൾ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ചിലസ്ഥലങ്ങളിൽ ഇരുപ്പുനിലങ്ങളും ചില സ്ഥലങ്ങളിൽ മുപ്പൂവുള്ള നിലങ്ങളും ഉണ്ട്. അതനുസരിച്ചു വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ഈ ടാർജററ് കൊച്ചിയിൽ കുറച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടീസുവേണം.

ശ്രീ. സി. വി. ഇട്ടു: കൊച്ചിയെ സംബന്ധിച്ചിടത്തോളം ലെവിസിസ്റ്റം നടപ്പിൽ വന്നിട്ടില്ല. അതുകൊണ്ട് ബഹു. മെമ്പർ അവിടെ ലെവിസിസ്റ്റം നടപ്പിൽ വന്നിട്ടുണ്ടോയെന്ന് അന്വേഷിച്ചു വേണ്ടതു ചെയ്യാമോ? കൊച്ചിയെ സംബന്ധിച്ചിടത്തോളം ലെവിസിസ്റ്റം ഏട്ടിലെ പശു ആണ്.

ശ്രീ. കെ. എം. കോര: അതിനെക്കുറിച്ചു അന്വേഷിക്കാം.

ശ്രീ. എ. താണുപിള്ള: കൊച്ചിയിൽ-ഇങ്ങനെ കുറവുവന്നതിൻെറ കാരണം മുമ്പു അവിടെ ഉണ്ടായിരുന്ന സിസ്റ്റം കുറെക്കൂടി കാര്യക്ഷമമായിരുന്നതുകൊണ്ടാണെന്ന് മനസ്സിലാക്കുന്നതിൽ തെററുണ്ടോ?

ശ്രീ. കെ. എം. കോര: ഏതായാലും അതിനെക്കുറിച്ചു അന്വേഷിക്കാം.

## കുടിപാർപ്പ്

* നമ്പ. (൧൨) ശ്രീ. കൃഷ്ണൻഅയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കുടിപാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്തവരുടെ ലിസ്റ്റ് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും ലഭിക്കുന്നതിനു ഓരോ താലൂക്കുകളിലേയും തഹശീൽദാരന്മാർക്കും ഗവമെൻറിൽനിന്നും ഉത്തരവുകൾ അയച്ചിരുന്നോ?

(ബി) എങ്കിൽ എല്ലാ താലൂക്കുകളിൽനിന്നും അതിലേയ്ക്കു വേണ്ട വിവരം ലഭിച്ചിട്ടുണ്ടോ;

(സി) അങ്ങനെ ഒരുലിസ്റ്റാവശ്യപ്പെട്ടതു് എന്തുദ്ദേശത്തിന്മേലാണ്;

(ഡി) കുടിപാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്ത ആക്കെങ്കിലും അതിലേയ്ക്കു വല്ല സ്ഥലവും ഗവമെൻറിൽനിന്നും കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടുണ്ടെങ്കിൽ ഏതേതു താലൂക്കുകളിൽ, എത്ര ആളുകൾക്ക്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) അയച്ചിരുന്നു.

(ബി) ഉണ്ട്.

(സി) സ്വന്തമായി കുടിപാർപ്പിന്ന് സ്ഥലം ഇല്ലാത്തവക്ക് സ്ഥലം മുതലായവ നൽകുക, മുതലായ പദ്ധതികഠം തയ്യാറാക്കുന്നതിന്നുവേണ്ടി.

(ഡി) കൊടുത്തിട്ടില്ല. ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുവേണ്ട നടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സ്വന്തമായി സ്ഥലമില്ലാത്ത ആളുകഠം കൂടുതൽ എതു താലൂക്കിലാണ്.

ശ്രീ. എൽ. എം. പൈലി: അതു് ഇപ്പോഠം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇതിന്നു ഒരു സ്കീം ഗവമ്മെൻറിൻെറ കയ്യിലുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഓരോ താലൂക്കിലും സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര ഉണ്ടെന്നുള്ളതു് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഓരോ താലൂക്കിലെയും ഉള്ളവിവരമില്ല. ആകപ്പാടെ ര്ന്റ ൦ ൻ ൫ കുഡുംബങ്ങഠം ഉണ്ടെന്നാണ്.

ശ്രീ. ടി. വി. ദേവൻ: ഈ ലിസ്റ്റിൽ ഉഠപ്പെടാതെ സ്വന്തമായി സ്ഥലമില്ലാത്ത ആളുകഠം ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഉണ്ടെന്നു ഗവമ്മെൻറിന്നു അറിവു ലഭിക്കുകയാണെങ്കിൽ വേണ്ടതു ചെയ്യാം.

ശ്രീ. കെ. എ. മാത്യു: കുടിപാർപ്പിന്നു സ്ഥലമില്ലാത്തവക്ക് സ്ഥലംകൊടുക്കുന്നതിന്ന് ഓരോ താലൂക്കിലും എന്തുമാത്രം സ്ഥലം വേണ്ടിവരുമെന്ന് ഉള്ളതിന്നു കണക്കു എടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ കണക്കു എടുത്തിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: വേണ്ടനടപടികഠം എടുത്തുതുടങ്ങിയിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. എന്തുനടപടിയാണ് എടുത്തിട്ടുള്ളതു്?

**Sri. L. M. Pylee:** The proposal is to provide each family with house site of 5 cents of land in urban areas and 10 cents in rural areas, building materials and a monetary aid at the rate of Rs. 50 for labour charge. The cost of building materials comes to Rs. 250 per house.

അങ്ങനെ ൫ ലക്ഷംരൂപാ ആവശ്യമുണ്ടെന്ന് കണ്ടതുകൊണ്ട് ഒരു സപ്ലിമെൻററി ഗ്രാൻറു കൊണ്ടുവരണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: വലിയ ഭൂസ്വത്തു ഉടമസ്ഥന്മാർ സൌജന്യമായി സ്ഥലംകൊടുക്കാമെന്നു സമ്മതിക്കുകയോ അവരോടു ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിന്നു നോട്ടീസുവേണം.

ശ്രീ. എ. പി. ഉദയഭാനു: വണ്ടൻമേട്, പേരൂർക്കട, മുതലായസ്ഥലങ്ങളിലെ ഹൗസിംഗ് സ്കീം ഈ പ്രാവശ്യം സാഠവ ചെയ്യുന്നതിന്ന് ഉദ്ദേശിച്ചിട്ടുള്ളതാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

ശ്രീ. എ. പി. ഉദയഭാനു: ആ സ്കീം കൊണ്ട് ഈ പ്രാശ്നവും സാഠവ്ചെയ്യുവാൻ അല്ലെങ്കിൽ ടാക്കിഠംചെയ്യുന്നതിന്ന് സഹായിക്കുമോ?

ശ്രീ. എൽ. എം. പൈലി: സഹായിച്ചേക്കും.

ശ്രീ. ടി. വി. ദേവൻ: നാട്ടിൽപുറങ്ങളിൽ തോട്ടിന്റെ വക്കത്തും മററുമുള്ള പുറമ്പോക്കുസ്ഥലങ്ങൾ ഇങ്ങനെയുള്ള ആളുകൾക്ക് പതിച്ചുകൊടുക്കുവാൻ ആലോചിക്കുമോ?

ശ്രീ. എൽ. എം. പൈലി: ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: ആകെക്കൂടി എത്രകുടുംബങ്ങൾ ഈ രീതിയിൽ ഉണ്ടാകും.

ശ്രീ. എൽ. എം. പൈലി: ഇപ്പോഴുള്ള അറിവു ൪൩൦൯ കുടുംബങ്ങൾ എന്നാണു്.

## സെൻറ് ജോസഫ് ആശുപത്രി

*൩൪. (൧൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മഞ്ഞുമ്മൽ സെൻറ ജോസഫ് ആശുപത്രിക്ക്, അതിന്റെ ദീർഘകാലസേവനത്തേയും ഭാരിച്ച ചെലവിനേയും പരിഗണിച്ചു കൂടുതൽ ഗ്രാൻറ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വല്ല നിവേദനവും ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. സി കേശവൻ):

(എ) ഉണ്ടു്.

(ബി) മെഡിക്കൽ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായധനം ക്രമീകരിക്കുവാനുള്ള ഒരു പദ്ധതി ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്. മഞ്ഞുമ്മൽ ആശുപത്രിയിലെ കാര്യവും ഇതോടൊന്നിച്ചു ആലോചിക്കുന്നതാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ നിവേദനം എന്നാണു് ഗവമ്മെൻറിന്റെ കയ്യിൽ കിട്ടിയതെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ബഹു. മെമ്പറുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്. അതു് ൧൯൫൧ മേയി ൩൧-ാംനു-യാണു്.

ശ്രീ അലക്സാണ്ടർ വാകയിൽ: ഈ ആശുപത്രി നടത്തിത്തുടങ്ങിയിട്ട് എത്ര കാലമായി?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതിനു എന്തു ഗ്രാൻറാണു് കൊടുത്തുവന്നിരുന്നതു്?

ശ്രീ. സി. കേശവൻ: അതിനും നോട്ടീസു വേണം.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൊച്ചിയിൽ ഒരു എയിഡഡ് ഡിസ്പൻസറിക്കു പ്രതിമാസം ൨,൦൦൦ രൂപയാണു് നൽകിവരുന്നതെന്നു അറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതു് അന്വേഷിച്ചു അതുപോലെ തിരുവിതാംകൂറിലും നൽകാമോ?

ശ്രീ. സി. കേശവൻ: കൊച്ചിയിൽ ൨,൦൦൦ രൂപാ നൽകുന്നുണ്ടോയെന്നു അന്വേഷിക്കാം.

## ദേവാലയങ്ങളും സിമത്തേരികളും

*൩൫. (൧൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ ദേവാലയങ്ങളും സിമത്തേരികളും സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി;

(ബി) അവയിൽ എത്ര അനുവദിച്ചു; എത്ര തള്ളി; തള്ളപ്പെടുന്നതിനുള്ള കാരണങ്ങൾ എന്തു; ആരുടെ അപേക്ഷകളാണ് തള്ളപ്പെട്ടതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തിരുവനന്തപുരം ൨
കോട്ടയം ൧൦
കൊല്ലം ൧൪

തൃശ്ശൂർ ഡിസ്ത്രിക്ടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) അനുബന്ധം നോക്കുക.

### അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം. | അനുവദിച്ചതു് ഇല്ല. തള്ളിയതു് ൧. അപേക്ഷകൻ സ്റ്റാമ്പു ഒട്ടിച്ചിരുന്നില്ല. കൂടാതെ നേരിട്ടു അപേക്ഷിക്കുകയോ അപേക്ഷിക്കുന്നതിനു ഒരാളെ അധികാരപ്പെടുത്തുകയോ ചെയ്തില്ല. അപേക്ഷകന്റെ പേർ റവറണ്ട് ജെ. ഇ. കേസരി, ഡിസ്ത്രിക്ട് മിനിസ്റ്റർ, നാഗർകോവിൽ. |
| കോട്ടയം. | അനുവദിച്ചതു് ൭. തള്ളിയതു് ൨. അപേക്ഷ റൂളിൻപ്രകാരം ശരിയല്ല. അപേക്ഷകർ കുഞ്ഞുമാത്തു, എബ്രാഹം, ഇവരാണ്. |
| കൊല്ലം. | അനുവദിച്ചതു് ൪. തള്ളിയതു് ൯. മൂന്നെണ്ണം സാങ്കേതികമായ ക്രമക്കേടുകൾ നിമിത്തമാണ് തള്ളിയതു്, രണ്ടെണ്ണം ജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമെന്ന കാരണത്താൽ തള്ളി. രണ്ടെണ്ണം അപേക്ഷകർക്കു് സ്ഥലത്തിന്മേൽ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ. |

തൃശ്ശൂരിനെ സംബന്ധിച്ചുള്ള വിവരം ലഭിച്ചിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഇവിടെ എന്തെങ്കിലും നിരോധനങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇതിനെ സംബന്ധിച്ചു തിരുവിതാംകൂറിൽ ഒരു നിയമം ഉണ്ടായിരുന്നു. ഇപ്പോൾ ആ നിയമം ഇൻഡ്യാ ഗവമ്മെൻറിന്റെ നിയമാവലിയിൽ കൊള്ളിച്ചു നിറുത്തിവച്ചിരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇൻഡ്യൻ ഭരണഘടന അനുസരിച്ചു ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനു് പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചിരിക്കെ ഇവിടെ അതു സംബന്ധിച്ചു എന്തെങ്കിലും നിരോധനം ഉണ്ടായിട്ടുണ്ടെങ്കിൽ അതു നീക്കം ചെയ്യേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: അതിനു നിവൃത്തിയില്ല. ഭരണഘടനയിൽ എന്തെല്ലാം പറഞ്ഞാലും ആരോഗ്യപരമായ കാരണങ്ങളാൽ ഒരു ആരാധനസ്ഥലം സ്ഥാപിക്കുന്നതു ശരിയല്ലെന്നു ഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അതിനെ കർശനമായി നിയന്ത്രിക്കുവാനുള്ള അധികാരം ഗവമ്മെൻറിനു എടുക്കേണ്ടിവരും.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്നതിലേക്കുള്ള അപേക്ഷകൾ ദേവസ്വം ബോർഡിലേക്കു അയക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇങ്ങനെ ഒരു ചോദ്യം ഇവിടെ വന്നിട്ടുണ്ടു്. അങ്ങിനെ ഒരു പതിവേ ഇല്ല.

## മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ

*൬൬. (൧൬) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

മെഡിക്കൽ കാളേജ് പ്രിൻസിപ്പാൾ ഉദ്യോഗത്തിനു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുകാരായ ആരെങ്കിലും ഗവർമ്മെൻറിലേക്കു അപേക്ഷകളയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം; അവരുടെ പരീക്ഷായോഗ്യതകൾ എന്തു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരപേക്ഷകൻ ഉണ്ടു്.

(ബി) ഡാക്ടർ കെ. ദാമോദരൻ.

(സി) അപേക്ഷയിൽ കാണിച്ചിട്ടുള്ള പ്രകാരം B.A., M.B.B.S., M.R.C.S (Eng.), L.R.C.P. (Lond.), M.R.C.P. (Edin.), D.T.M.&H.

ശ്രീ. കെ. എസ്സ്. ജോസഫ്: ഈ ഉദ്യോഗത്തിനു അഡ്വർടൈസ് ചെയ്തിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല. ഇൻഡ്യാഗവർമ്മെൻറു ഡബ്ലിയു. എച്ച്. ഒ.യിൽനിന്നു പ്രശസ്തനായ ഒരാളെ ആവശ്യപ്പെട്ടിട്ടുണ്ടു്. അതു സംബന്ധിച്ചുള്ള കറസ്പോണ്ടൻസ് നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ യോഗ്യതയിൽ വളരെ കൂടുതൽ യോഗ്യതയുള്ള വളരെ പേർ ഗവർമ്മെൻറു സർവ്വീസിൽ ഉള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഒരു താരതമ്യപഠനം നടത്തിയിട്ടില്ല.

## WEST COAST FISHERIES, LTD.

*67. [17] **Sri. Joseph Mathen:** Will the hon. Minister for Industries and Labour be pleased to state whether the Government have decided to take charge of the West Coast Fisheries, Ltd.; if so please state.—

(*a*) the reasons that prompted the Government to take charge of the Company;

(*b*) whther the Government intend to carry on the business :

(c) whether this Government have experts to do the business ;

(*d*) whether the persons now taking charge of the company have any practical experience in deep sea-fishing;

(*e*) who are the persons now authorised to take charge of the company;

(*f*) do the Government expect any help from outside to carry on the business ; and

(*g*) is it a fact that the company was running at a loss from the date of promoting till the day of handing over charge?

*Minister for Industries and Labour* **(Sri. P. K. Krishnankutty Menon):** Yes.

(*a*) Government have taken over the managing agency of the West Coast Fisheries, Ltd., because Government have substantial interests in the concern and the previous Managing Agents agreed to surrender the Managing agency to Government.

(*b*) That is the intention of the Government.

(*c*) Experts will be appointed, if necessary.

(*d*) Only the Manager has been appointed and he has no practical experience in deep-sea fishing.

(*e*) Sri. T. R. Velunni

(*f*) No occasion has arisen to consider this question.

(*g*) That is one of the reasons why the old Managing Agency was terminated.

ശ്രീ. ജോസഫ് മാത്തൻ: ഈ കമ്പനിയുടെ പ്രവൎത്തനംകൊണ്ടു് ഇതുവരെ നഷ്ടം തന്നെയുണ്ടായിരിക്കുന്നതെന്നുള്ളനിലക്ക് ഗവൺമെൻറ ഈ കമ്പനി ഏറെറടുത്തു നടത്തുന്നതിൽ വല്ല ഫലവും ഉണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഫലം ഉണ്ടാകുമെന്നാണ് വിശ്വാസം.

ശ്രീ. ജോസഫ് മാത്തൻ: ഏതെങ്കിലും എക്സ്പൎട്ടിന്റെ സഹായംകൂടാതെ ഈ കമ്പനിയുടെ പ്രവൎത്തനം നടത്താമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: വിചാരിക്കുന്നില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ കമ്പനിക്കുള്ള മൂലധനം എന്താണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ൨൪·൦൭ ലക്ഷം രൂപയാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എത്ര രൂപയാണ് നഷ്ടം വന്നിട്ടുള്ളതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ൧൯൫൦ സെപ്തംബർ ൩൦-ാംതു വരെ ൧,൮൮,൩൨ ൧ രൂപയാണ്.

ശ്രീ. കെ. എ. മാത്യു: ഈ കമ്പനിക്ക് നഷ്ടം വരാനുള്ള കാരണത്തെപ്പററി ഗവൺമെൻറ അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അന്വേഷിക്കാവുന്നതാണ്.

ശ്രീ. കെ. എ. മാത്യു: കമ്പനിയുടെ മാനേജുമെൻറ ഏറെറടുക്കുന്നതിനു മുമ്പു നഷ്ടം വരാനുള്ള കാരണത്തെപ്പററി അന്വേഷിക്കേണ്ടതല്ലായിരുന്നോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നഷ്ടമാണെന്നു കണ്ടതിനുശേഷം കമ്പനിയുടെ പ്രവൎത്തനം നന്നാക്കുവാൻവേണ്ടിയാണ് ഗവൺമെൻറ അതിന്റെ മാനേജുമെൻറ ഏറെറടുത്തിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു: അതിന്റെ കാരണത്തെപ്പററി അന്വേഷിച്ചിട്ടുണ്ടോ എന്നാണ് ചോദ്യം?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇല്ല. നഷ്ടമാണെന്നു ബോദ്ധ്യപ്പെട്ടു. കമ്പനിയുടെ പ്രവൎത്തനം നന്നാക്കാൻ കഴിയുമോ എന്നു പരീക്ഷിക്കുവാൻവേണ്ടി ഗവൺമെൻറ അതു് ഏറെറടുത്തു നടത്തുകയാണ്.

**Sahib Bahadur T. A. Abdulla:** Does the present taking over involve any financial commitments to Government?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇപ്പോഴില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ൧൯൫൦ സെപ്തംബർ മാസത്തിൽ ഈ കമ്പനിയുടെ പ്രവൎത്തനം നിറുത്തി എന്നാണോ കണക്കാക്കേണ്ടതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അല്ല. അതുവരെയുള്ള കണക്കു മാത്രമേ എടുത്തിട്ടുള്ളു.

**Sri. N. D. Jose:** Has the Government advanced loans to this Company and, if so, to what extent?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: കടംകൊടുക്കുക ഉണ്ടായില്ല. ൨ ലക്ഷം രൂപയുടെ ഓഹരി മാത്രമേ എടുത്തിട്ടുള്ളു.

**Sri. N. D. Jose:** What is the present share value of this Company?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നോട്ടീസുവേണം.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇനി ഈ കമ്പനിക്ക് നഷ്ടം വരികയില്ലെന്നു തീർച്ചപ്പെടുത്താമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇപ്പോൾ തീർച്ച പറഞ്ഞുകൂടാ.

ശ്രീ. കെ. രാമചന്ദ്രൻ: ഇങ്ങനെ നഷ്ടത്തിൽവരുന്ന കമ്പനികളെല്ലാം ഗവമെൻറ് ഏറെറടുത്തു മുതലാളിമാരെ സഹായിക്കാമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അല്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ കമ്പനിവകയായി എത്ര മീൻപിടുത്ത കപ്പലുകളുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നോട്ടീസുവേണം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഏതെങ്കിലും കപ്പലുകൾ ചീത്തയായി കിടപ്പുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ചീത്തയായി ഒന്നും കിടപ്പില്ല. അല്പം കേടുപാടുകൾ ഉള്ളതായി കണ്ടേക്കാം.

ശ്രീ. കെ. എ. മാത്യു: കമ്പനിയുടെ മാനേജുമെൻറ് ബോർഡിൽ ഗവമെൻറിൻെറ പ്രതിനിധിയായി ആരെങ്കിലും ഉണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. കെ. എ. മാത്യു: ആ പ്രതിനിധി ഈ കമ്പനി നഷ്ടത്തിലാണ് പ്രവത്തിക്കുന്നതെന്നും മിസ്മാനേജുമെൻറുണ്ടെന്നും മററും റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

